പതിനഞ്ചാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
11-06-2024

നിയമനിർമ്മാണം

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് പ്രകാരമുള്ള ഫസ്റ്റ് സ്റ്റാറ്റ്യൂട്ടും റൂൾസും പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്

2024 ജൂലൈ 11-ാം തീയതിയിലെ നിയമസഭാ നടപടിക്രമങ്ങളിൽ ധനവിനിയോഗ ബില്ലുകളുടെ വകുപ്പതിരിച്ചുള്ള പരിഗണനയ്ക്കുശേഷം, പതിനാലാം കേരള നിയമസഭയിൽ പാസ്സാക്കിയ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ആക്ടിലെ വ്യവസ്ഥകൾപ്രകാരം പുറപ്പെടുവിക്കേണ്ട ആദ്യ സ്റ്റാറ്റ്യൂട്ടുകളും റൂൾസും നാളിതുവരെ പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ആക്ടിന് അനുബന്ധമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കിയ ആദ്യ സ്റ്റാറ്റ്യൂട്ടിന്റെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കായി ഉടൻതന്നെ സമർപ്പിക്കുന്നതാണെന്നും ആയതിന്റെ മലയാള പരിഭാഷ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി വിശദീകരിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

"ചട്ടം 238-ൽ കൂട്ടിച്ചേർത്ത രണ്ടാം ഉപചട്ടമനുസരിച്ച് ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ 90 ദിവസത്തിനകം പ്രസ്തുത നിയമത്തിൽ വ്യവസ്ഥ

[+].

ചെയ്തിട്ടുള്ളതുപ്രകാരമുള്ള ചട്ടങ്ങൾക്ക് രൂപം നൽകേണ്ടതും ആയതിന്റെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ ഇത്തരം ചട്ടവ്യവസ്ഥകളും റൂളിംഗുകളും പരിഗണിക്കാതെ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ചട്ടനിർമ്മാണം അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് നമ്മുടെ സംവിധാനങ്ങളോടുള്ള പൊതുജനങ്ങളുടെ വിശ്വാസത്തിന് അനുഗുണമാകില്ല. ചട്ടങ്ങൾ സമയബന്ധിതമായി തയ്യാറാക്കി വിജ്ഞാപനം നടത്താനാവശ്യമായ സർക്കാർതല ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു."